**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** **11-09-2023 - ൽ മറുപടിയ്ക്ക്**

**പുനലൂർ പബ്ലിക് പാർക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ കെ.എസ്.ആർ.ടി.സി.ഡിപ്പോയ്ക്ക് പിന്നിൽ കല്ലടയാറിന് സമീപം ടൂറിസം വകുപ്പ് 39.96 ലക്ഷം രൂപ മുതൽ മുടക്കി നിർമ്മാണം നടത്തിയ പുനലൂർ പബ്ലിക് പാർക്കിന്റെ പദ്ധതി പ്രകാരമുള്ള ഒട്ടുമിക്ക പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ തുറന്നിട്ടില്ല എന്നതും പ്രസ്തുത പാർക്ക് നിലവിൽ കാട്ടുമൂടി ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **വിനോദ സഞ്ചാര വകുപ്പ്, ജലവിഭവ വകുപ്പ് മുഖേന നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായ, 'ഡവലപ്മെന്റ് ഓഫ് ഫെസിലിറ്റീസ്, പുനലൂർ' എന്ന പദ്ധതി തുടർനടത്തിപ്പിനായി കൊല്ലം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കൈമാറാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പാർക്ക് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; പ്രവൃത്തി പൂർത്തിയാക്കി പാർക്ക് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | **വിനോദ സഞ്ചാര വകുപ്പ്, ജലവിഭവ വകുപ്പ് മുഖേന നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായ, 'ഡവലപ്മെന്റ് ഓഫ് ഫെസിലിറ്റീസ്, പുനലൂർ' എന്ന പദ്ധതി തുടർനടത്തിപ്പിനായി കൊല്ലം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കൈമാറാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (സി) | പ്രസ്തുത പാർക്കിൽ കുട്ടികൾക്കു വേണ്ടിയുള്ള കളി ഉപകരണങ്ങൾ കൂടി ഉൾപെടുത്തി സായാഹ്നങ്ങളിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന നിലയിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ